## കോട്ടയം വിദ്യാഭ്യാസ ഉപഡയറക്ടറുടെ നടപടി ഉത്തരവ്

(ഹാജർ - ഷൈലാകുമാരി സി)

വിഷയം - പൊതുവിദ്യാഭ്യാസം - ജീവനക്കാര്യം - അന്തർജില്ലാ സ്ഥലംമാറ്റം - 2018-19 - അദ്ധ്യയന വർഷത്തെ അദ്ധ്യാപകരുടെ അന്തർജില്ലാ സ്ഥലംമാറ്റം - ഹൈസ്ക്കൂൾ ടീച്ചർ (കോർ സബ്ജക്ട്) - അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം – (1) പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 03/12/2018-ലെ A1/60000/2018/DPI നമ്പർ സർക്കുലർ.

(2) അദ്ധ്യാപകർ ഓൺലൈൻ മുഖേന സമർപ്പിച്ച അപേക്ഷകൾ.

(3) 23/02/2019-ൽ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച സീനിയോറിറ്റി ലിസ്റ്റ്.

(4) 27/02/2019-ൽ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച ഇതേ നമ്പർ താൽക്കാലിക ഉത്തരവ്.

## ഉത്തരവ് നമ്പർ എ1/19146/2018 തീയതി 25/05/2019

കോട്ടയം റവന്യൂ ജില്ലയിലെ സർക്കാർ സ്ക്കൂളുകളിലേയ്ക്ക് 2018-19 അദ്ധ്യയന വർഷത്തെ അദ്ധ്യാപകരുടെ (കോർ സബ്ജക്റ്റ്) അന്തർജില്ലാ സ്ഥലംമാറ്റത്തിനായി ഓൺലൈൻ മുഖേന സമർപ്പിച്ച അപേക്ഷകളിൽ നിന്നും അപേക്ഷകരുടെ സീനിയോറിറ്റി, പ്രയോറിറ്റി എന്നിവ പരിഗണിച്ച് ചുവടെ പേര് ചേർത്തിരിക്കുന്ന അദ്ധ്യാപികയ്ക്ക് അവരുടെ പേരിനു നേരേ ചേർത്തിരിക്കുന്ന സ്ക്കൂളിലേയ്ക്ക് സ്ഥലംമാറ്റം നൽകി ഉത്തരവാകുന്നു.

അന്തർജില്ലാ സ്ഥലംമാറ്റം ലഭിച്ച അദ്ധ്യാപികയുടെ സർവ്വീസ് സീനിയോറിറ്റി ഈ ജില്ലയിൽ സേവനത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ മാത്രമേ പരിഗണിക്കുകയുള്ളൂ. സ്ഥലംമാറ്റം ലഭിച്ച അദ്ധ്യാപികയെ വിടുതൽ ചെയ്യുന്നതിനു മുമ്പ് മേൽ സൂചിപ്പിച്ച വിവരം സാക്ഷ്യപ്പെടുത്തിയ സത്യപ്രസ്താവന ആഫീസ് മേധാവി മേലൊപ്പുചാർത്തി സേവനപുസ്തകത്തിൽ പതിപ്പിച്ച് ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തേണ്ടതാണ്. തെറ്റായ വിവരത്തിന്റെ അടിസ്ഥാനത്തിലാണ് അന്തർജില്ലാ സ്ഥലംമാറ്റം ലഭിച്ചതെന്ന് ബോദ്ധ്യപ്പെട്ടാൽ ഈ ഉത്തരവ് പുനഃപരിശോധനയ്ക്ക് വിധേയമാക്കുന്നതായിരിക്കും.

| ക്രമ നമ്പർ | അദ്ധ്യാപികയുടെ പേര്, നിലവിൽ ജോലി ചെയ്യുന്ന സ്ക്കൂൾ | തസ്തിക | സ്ഥലംമാറ്റം അനുവദിച്ച സ്ക്കൂളിന്റെ പേര് | റിമാർക്സ് |
|---|---|---|---|---|
| 1) | ശ്രീമതി. സജിമോൾ കെ ഗവൺമെന്റ് വി.എച്ച്.എസ്.എസ്. വാഴത്തോപ്പ്, ഇടുക്കി | ഹൈസ്ക്കൂൾ ടീച്ചർ (ഫിസിക്കൽ സയൻസ്) | ഗവൺമെന്റ് ഡിവിഎച്ച്.എസ്.എസ്. വെച്ചൂർ. | SC/ST വിഭാഗം |

23/08/2012-ലെ സർക്കാർ ഉത്തരവ് നമ്പർ 42/2012/ഉഭപവ പ്രകാരം അന്തർജില്ലാ സ്ഥലംമാറ്റം ലഭിച്ച അദ്ധ്യാപകർ ഈ ജില്ലയിൽ വീണ്ടും നിരീക്ഷണകാലം പൂർത്തീകരിക്കേണ്ടതാണ്. അദ്ധ്യാപകർ ജോലിയിൽ പ്രവേശിക്കുന്ന തീയതി ബന്ധപ്പെട്ട പ്രഥമാദ്ധ്യാപകൻ ഈ ആഫീസിൽ അറിയിക്കേണ്ടതാണ്.

OFFICE OF THE DEPUTY DIRECTOR (Edn.) KOTTAYAM

വിദ്യാഭ്യാസ ഉപ ഡയറക്ടർ
കോട്ടയം.

സ്വീകർത്താവ്

1) ബന്ധപ്പെട്ട പ്രഥമാദ്ധ്യാപകർ.
2) ബന്ധപ്പെട്ട അദ്ധ്യാപകർ.
3) പൊതു വിദ്യാഭ്യാസ ഡയറക്ടർ
4) ജില്ലാ വിദ്യാഭ്യാസ ആഫീസർ
5) കരുതൽ ശേഖരം.

RRN– 25/5/19